വഴി സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നിന്നാണ് ഈ തുക പിൻവലിക്കേണ്ടത്. അതിനാൽ ട്രഷറികളിൽ നിന്ന് പിൻവലിക്കപ്പെട്ട തുകയുടെ യഥാർത്ഥ കണക്ക് അക്കൗണ്ടന്റ് ജനറലിന്റെ 2004-2005 വർഷത്തെ ഫിനാൻസ് അക്കൗണ്ട്സ് കൂടി പ്രസിദ്ധീകരിച്ചാൽ മാത്രമേ നിജപ്പെടുത്താനാവുകയുള്ളൂ.

ഭരണ നവീകരണ പരിപാടിക്കാവശ്യമായ കൺസൾട്ടൻസികളെ വിന്യസിക്കുന്നതും അവർക്കുള്ള ഫീസ് നൽകുന്നതും നെതർലാന്റ്സ് സർക്കാരിന്റെ ഗ്രാന്റ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന പ്രൊക്യൂർമെന്റ് സർവ്വീസ് പ്രൊവൈഡർ ആയതിനാൽ ഈയിനത്തിൽ സർക്കാരിന് ചെലവുണ്ടായിട്ടില്ല.

(ബി) 2002-2003 സാമ്പത്തിക വർഷം മുതൽ 31-3-2005 വരെ എ. ഡി. ബി. പ്രതിനിധികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട് അതിഥി സൽക്കാരത്തിനും സംസ്ഥാനത്തിനകത്തെ യാത്രകൾക്കുമായി 2,18,619 രൂപ ചെലവായിട്ടുണ്ട്.

എ. ഡി. ബി. സംഘാംഗങ്ങളുടെ യാത്ര, താമസം, ഭക്ഷണം എന്നിവയ്ക്കുള്ള സജ്ജീകരണങ്ങളും ചെലവും അവർ നേരിട്ടാണ് വഹിക്കുന്നത്.

(സി) 2003-2004 വർഷത്തെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. സർക്കാർ വകുപ്പുകൾക്ക് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് റിപ്പോർട്ട് നൽകാറില്ല. കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിയമസഭയിൽ സമർപ്പിക്കുന്ന റിപ്പോർട്ടിലാണ് ഓഡിറ്റിംഗ് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുന്നത്.

റവന്യൂ വരുമാനത്തെയും റവന്യൂ ചെലവിനെയും ബാധിച്ച അപ്രതീക്ഷിത സംഭവങ്ങൾ

5 [1835] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെയും റവന്യൂ ചെലവിനെയും സാരമായി ബാധിച്ച അപ്രതീക്ഷിതമായ എന്തെങ്കിലും സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതൊക്കെയായിരുന്നുവെന്നും അതുവഴി വരുമാനത്തിലോ ചെലവിലോ ഉണ്ടായ വ്യതിയാനം എന്തുമാത്രമായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് ഉണ്ടായ അപ്രതീക്ഷിതമായ സംഭവങ്ങൾ 2004-ൽ ഉണ്ടായ വരൾച്ചയും 26-12-2004-ൽ സംഭവിച്ച സുനാമി ദുരന്തവുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2004-ലെ വരൾച്ചാ ദുരിതാശ്വാസമായി 106 കോടി രൂപയും സുനാമി ദുരിതാശ്വാസമായി 100 കോടി രൂപയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

വരൾച്ചാ ദുരിതാശ്വാസത്തിനായി 2004-2005 സാമ്പത്തിക വർഷം 67.02 കോടി രൂപ ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷം ഇതുവരെ 22.10 കോടി രൂപ ഈ ഇനത്തിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 2004-2005 സാമ്പത്തിക വർഷം 58.14 കോടി രൂപ ചെലവഴിച്ചു. നടപ്പു സാമ്പത്തിക വർഷം ഇതുവരെ 23.64 കോടി രൂപ ഈ ആവശ്യത്തിനായി അനുവദിച്ചിട്ടുണ്ട്.

അനിത പരിശ ഈടാക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ നടപടി

6 [1836] *ശ്രീ. പിരപ്പൻകോട് മുരളി:*
" *പി. ജയരാജൻ:*
" *വി. ചെന്താമരാക്ഷൻ:*
" *ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ അനിത പലിശ ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി കേരള മണിലെൻഡേഴ്സ് ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ അംഗീകൃത നിരക്കിനേക്കാൾ കൂടുതൽ പലിശ ഈടാക്കിയത് സംബന്ധിച്ച് കഴിഞ്ഞ അസംബ്ലി സമ്മേളനത്തിനുശേഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ഇ) അനിത പലിശ ഈടാക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ 24 മണിക്കൂറിനകം നടപടി സ്വീകരിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകളിൽ നടപടി എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly